14
ജൂലൈ 2023
വെള്ളി
Pages- 5
Vol. 2 Issue 162

# ക്രിസ്ത്യൻലൈവ് ദിനപത്രം

On the Battlefield for the Great Commission
531

## മണിപ്പൂരിൽ അടിയന്തര നടപടി വേണം : യൂറോപ്യൻ യൂണിയൻ



ന്യൂനപക്ഷങ്ങൾക്കെതിരെ ഇന്ത്യയിൽ വർധിച്ചുവരുന്ന അസഹിഷ്ണുതയാണ് സംഘർഷത്തിന് കാരണമെന്ന് പ്രമേയത്തിൽ പറയുന്നു. മണിപ്പൂരിലെ ആക്രമണത്തിൽ ഇതുവരെ 150 ലധികം ആളുകൾക്ക് ജീവൻ നഷ്ടപ്പെട്ടതായാണ് റിപ്പോർട്ട്

പേജ് 3,4 കാണുക

## ഹിമാചലിൽ 11 ക്രിസ്ത്യൻ മിഷനറിമാരെ അറസ്റ്റ് ചെയ്തു



www.christianlive.in cnl7news@gmail.com +91 98465 52220

എഡിറ്റോറിയൽ

ക്രിസ്ത്യൻ ലൈവ്

2023 ജൂലൈ 14 വെള്ളി




# മരുഭൂമിയിലെ മഹാ കരുതൽ

**ഏ**കദേശം 25 ലക്ഷത്തോളം വരുന്ന യിസ്രായേൽ ജനമാണ് ഈജിപ്തിൽ നിന്നും പുറപ്പെട്ടത്. എത്ര നാൾ നീണ്ടുനിൽക്കുന്ന യാത്രയാണിതെന്നോ, യാത്രയിൽ ഇത്രയും ആൾക്കാർക്ക് ആവശ്യമുള്ള കാര്യങ്ങൾ എങ്ങനെ ക്രമീകരിക്കുമെന്നോ മോശ എന്ന നേതാവിന് അറിയില്ലായിരുന്നു. ഏതാനും ആഴ്ചകൾ മാത്രം എടുക്കേണ്ട യാത്ര അവസാനിച്ചത് 40 വർഷത്തിന് ശേഷമാണ്.

നീണ്ട നാൽപ്പതു വർഷം. ഇരുപത്തഞ്ചു ലക്ഷം ജനങ്ങൾ. മരുഭൂമി സമാനമായ പ്രദേശങ്ങൾ.ഇത്രയും പേർക്ക് ഒരു ദിവസത്തെ ഭക്ഷണത്തിന്റെ കണക്കു തന്നെ ഏകദേശം 1500 ടൺ വേണ്ടിവരും. ഏകദേശം രണ്ടു വലിയ ട്രെയിനിൽ കയറ്റാനുള്ള അളവിലുള്ള ഭക്ഷണം.
ഇവർക്ക് ഭക്ഷണം പാകം ചെയ്യുവാൻ 4000 ടൺ വിറക് ദിവസവും ആവശ്യമാണ്.
ഒരാൾക്ക് ഒരു ദിവസം കുടിക്കുവാനും മറ്റാവശ്യങ്ങൾക്കായും കുറഞ്ഞത് 19 ലിറ്റർ വെള്ളം ആവശ്യമാണ്. ഏകദേശം 25 ലക്ഷം ആൾക്കാർക്ക് 19 ലിറ്റർ വെള്ളം വീതം ഒന്ന് കണക്കുകൂട്ടിയാൽ അത് വളരെ വലിയ ഒരളവാണ്.

തടാകങ്ങളോ വലിയ ജല സ്രോതസ്സുകളോ അവർക്കില്ലായിരുന്നു. അവർ പ്രധാനമായും വെള്ളം എടുത്തിരുന്നത് കിണറുകളിൽ നിന്നാണ്.
ഓരോ രാത്രിയിലും പാർക്കുവാനും ക്യാമ്പടിക്കുവാനും ഏകദേശം 25 മൈൽ വീതിയുള്ള 30 മൈൽ നീളമുള്ള ഒരു വലിയ ശാന്തസ്ഥലം ആവശ്യമാണ്.
ആറുലക്ഷം പുരുഷന്മാരും അവരുടെ ഭാര്യമാരും, കൊച്ചുകുട്ടികളും, പ്രായമുള്ളവരും അവരുടെ ആടുമാടുകളും നാൽപ്പതു വർഷം പുലർത്തുന്ന ദൈവത്തിന്റെ കരുതലിൽ കരതലത്തിൽ.മോശ ദൈവത്തിൽ വിശ്വസിച്ചു. നാൽപ്പതു വർഷം രാവും പകലും ദൈവം തന്റെ ജനത്തെ വരണ്ട ഭൂമിയിൽകൂടി സുഭിക്ഷമായി പരിപാലിച്ചു നടത്തി.

വന്യമായ വിജന ദേശത്തുകൂടി ജനങ്ങൾ നടന്നപ്പോൾ പക്ഷെ അവർ പിറുപിറുക്കുകയാണുണ്ടായത്.
അവരെ നടത്തുന്ന ദൈവത്തിന്റെ സാന്നിധ്യത്തെ മേഘത്തൂണിലും അഗ്നിസ്തംഭത്തിലും അവർ കണ്ടെങ്കിലും അവർ പിറുപിറുത്തു. മന്നയും കാടപ്പക്ഷിയും മതിയാവോളം ഭക്ഷിച്ചെങ്കിലും അവർ തൃപ്തരായില്ല. വെള്ളമില്ലാത്തയിടങ്ങളിൽ പാറയിൽ നിന്നും ഒഴുകി വന്ന വെള്ളത്തിന്റെ മാധുര്യം അവരുടെ നാവിൽ നിന്നും വളരെ വേഗം.മാറിപ്പോയി. ദിവസം മുഴുവനും അവർ പിറുപിറുത്തു മറുതലിച്ചു മത്സരിച്ചു നടന്നു നീങ്ങി.
എങ്കിലും ദൈവം അവർക്ക് ഭക്ഷണം നൽകുന്നത് നിർത്തിയില്ല. വാക്കുമാറാത്ത ദൈവം അവരെ ലാളിച്ചു പരിചരിച്ചു നടത്തി. ആ ദൈവം ഇന്നും ജീവിക്കുന്നു. നമ്മുടെ ജീവിത സാഹചര്യങ്ങളിൽ അനുദിനം അത്ഭുതങ്ങളാൽ നടത്തുന്ന ദൈവത്തെ നാം മറക്കുന്നവരാണോ? നന്ദിക്കു പകരം പിറുപിറുപ്പ് നമ്മുടെ നാവിൽ വരാറുണ്ടോ?



ബ്ലസ്സൻ ചെറിയാൻ, കാനഡ

# പാക്കിസ്ഥാനിലെ മതനിന്ദ നിയമം: ചിക്കാഗോ റിലീജിയസ്സ്റ്റഡി റിപ്പോർട്ട്

ലാഹോർ: പാക്കിസ്ഥാനിൽ സാമൂഹിക വിവേചനത്തിനു ഇരയായി രണ്ടാം തരം പൗരൻമാരെപ്പോലെ കഴിയുന്ന ക്രൈസ്തവരെ മതനിന്ദാനിയമം വേട്ടയാടുന്നതിനെ കുറിച്ച് ചിക്കാഗോയിലെ ഡിപോൾ സർവ്വകലാശാലയിലെ റിലീജിയസ് സ്റ്റഡി വിഭാഗംറിപ്പോർട്ട് പുറത്തിറക്കി. ക്രൈസ്തവർ ഉൾപ്പെടുന്ന പാക്കിസ്ഥാനിലെ മതന്യൂനപക്ഷങ്ങൾ ജനസംഖ്യയുടെ വെറും 4% മാത്രമേ ഉള്ളുവെങ്കിലും ആരോപിക്കപ്പെട്ട മതനിന്ദ കുറ്റങ്ങളിൽ പകുതിയോളം അവർക്കെതിരെയാണെന്നാണ് റിപ്പോർട്ടിൽ പറയുന്നത്.

ഇപ്പോൾ പാക്കിസ്ഥാനിലെ മതനിന്ദാനിയമം വ്യക്തിവൈരാഗ്യം തീർക്കുന്നതിനുള്ള ഉപകരണമായി മാറിയിരിക്കുകയാണ്. ഇരയാക്കപ്പെടുന്നതിൽ ഏറെയും ക്രൈസ്തവരാണെന്നതാണ് ദയനീയമായ വസ്തുത. മതനിന്ദ ആരോപിക്കപ്പെട്ടവർക്ക്, ജീവപര്യന്തം മുതൽ വധശിക്ഷ വരെ ലഭിക്കാവുന്ന കുറ്റമാണ്. പാക്കിസ്ഥാൻ രൂപീകരിക്കപ്പെട്ട് 76 വർഷങ്ങൾ കഴിഞ്ഞിട്ടും ഇക്കാലയളവിൽ പാക്കിസ്ഥാനിലെ ക്രൈസ്തവരുടെ ജീവിതം കൂടുതൽ ദുരിതപൂർണ്ണമായി കൊണ്ടിരിക്കുകയാണെന്നും റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. പാക്കിസ്ഥാനിലാണ് ലോകത്ത് ഏറ്റവും കർക്കശമായ മതനിന്ദ നിയമം പ്രാബല്യത്തിലിരിക്കുന്നത്. ഒരു പോലീസുകാരൻ മതനിന്ദ ആരോപിച്ചതിനെ തുടർന്ന്! ഇക്കഴിഞ്ഞ മെയ് മാസത്തിൽ 18, 14 വയസ്സു പ്രായമുള്ള രണ്ട് കൗമാരക്കാരായ ക്രിസ്ത്യൻ ആൺകുട്ടികളെ അറസ്റ്റ് ചെയ്തത് ഉൾപ്പെടെയുള്ള നിരവധി സംഭവങ്ങൾ റിപ്പോർട്ടിൽ പരാമർശിക്കുന്നുണ്ട്.

പാക്കിസ്ഥാനി ക്രൈസ്തവരിൽ ഭൂരിഭാഗം പേരുടേയും മതപരമായ ആഭിമുഖ്യം ആരംഭിക്കുന്നത് 19, 20 നൂറ്റാണ്ടുകളിലാണ്. അന്ന് ബ്രിട്ടീഷ് ഇന്ത്യയുടെ ഭാഗമായിരുന്ന പഞ്ചാബ് മേഖലയിൽ ബ്രിട്ടീഷ്, അമേരിക്കൻ മിഷണറിമാർ നടത്തിയ സുവിശേഷ പ്രവർത്തനങ്ങളുടെ ഫലമായാണ് ക്രിസ്തീയ വിശ്വാസം വ്യാപിക്കുന്നത്. അന്ന് ജാതിവ്യവസ്ഥകൊണ്ട് നട്ടം തിരിഞ്ഞിരുന്ന ഹിന്ദുക്കളിൽ പലരും ക്രിസ്തീയ വിശ്വാസത്തിൽ ആകൃഷ്ടരാകുകയായിരിന്നു. 1947 ലെ ഇന്ത്യ വിഭജനത്തോടെ ക്രൈസ്തവർ കൂടുതൽ ഉണ്ടായിരുന്ന പഞ്ചാബ് മേഖല പാക്കിസ്ഥാന്റെ ഭാഗമായി മാറി. എന്നാൽ പുതുതായി രൂപം കൊണ്ട് ഇസ്ലാമിക പാക്കിസ്ഥാനിലും ജാതിവ്യവസ്ഥ അതുപോലെ തന്നെ തുടർന്നു. ഇപ്പോഴും പാക്കിസ്ഥാനിലെ ക്രൈസ്തവർ ശുചീകരണ തൊഴിൽ പോലെയുള്ള താഴ്ന്ന ജോലികൾ ചെയ്ത് സാമൂഹികമായി വളരെ താഴ്ന്ന നിലയിലാണ് ജീവിക്കുന്നത്.

2017ൽ ഹൈദരാബാദ് മുനിസിപ്പൽ കോർപറേഷൻ 450 ശുചീകരണ തൊഴിലാളികളെ കൊണ്ട് തങ്ങൾ ശുചീകരണ തൊഴിൽ മാത്രമേ ചെയ്യുകയുള്ളൂവെന്നും, എന്ത് തൊഴിൽ പറഞ്ഞാലും അത് നിരസിക്കുകയില്ലെന്നും പ്രതിജ്ഞ എടുപ്പിച്ചുവെന്ന്! യു.സി.എ ന്യൂസ് റിപ്പോർട്ട് ചെയ്തിരുന്നു. പാക്കിസ്ഥാനി നഗരമായ പെഷവാറിലെ 80% ക്രൈസ്തവരും, പഞ്ചാബിന്റെ തലസ്ഥാനമായ ലാഹോറിലെ ക്രൈസ്തവരിൽ 76%വും ശുചീകരണ തൊഴിൽ ചെയ്യുന്നവരാണെന്നാണ് റിനോഡിന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്നു. 2012ലെ സർവ്വേ പ്രകാരം പാക്കിസ്ഥാനി ക്രൈസ്തവരുടെ ശരാശരി മാസവരുമാനം 138 അമേരിക്കൻ ഡോളറാണ്. ലോകബാങ്കിന്റെ ദാരിദ്ര രേഖക്ക് വളരെത്താഴെയാണിത്. അഫിലിയേറ്റഡ് ഫാക്കൽറ്റിയായ മിറിയം റിനോഡ് ആണ് റിപ്പോർട്ട് തയ്യാറാക്കിയത്.






# ക്രിസ്ത്യൻ ലൈവ് ഭക്തസ്മരണ മ്യൂസിക് നൈറ്റ് നാളെ വൈകിട്ട് അജ്മാനിൽ

അജ്മാൻ: ക്രിസ്ത്യൻ ലൈവിന്റെ മിഡിൽ ഈസ്റ്റ് ലോഞ്ചിംഗിനോടനുബന്ധിച്ച് നടത്തുന്ന അഞ്ചാമത് ഭക്തസ്മരണ മ്യൂസിക് നൈറ്റ് നാളെ വൈകിട്ട് 7.30 ന് അജ്മാൻ അൽ ബസ്താൻ 2വിലുള്ള ലുലു ഹൈപ്പർ മാർക്കറ്റിന് പിന്നിലെ ബ്ളമിംഗ്ടൺ അക്കാദമി ഓഡിറ്റോറിയത്തിൽ നടക്കും.

ക്രൈസ്തവ ഗായകരായ ലാലു പാമ്പാടി, ഇവാ.കെ പി രാജൻ, ഷൈനി പ്രമോദ് തുടങ്ങി കേരളത്തിനകത്തും പുറത്തുമുള്ള നിരവധി ഗായകർ പങ്കെടുക്കും. ബ്രദർ ബിനോയി കുര്യൻ സംഗീത സന്ധ്യയ്ക്ക് നേതൃത്വം കൊടുക്കും.

പാസ്റ്റർ ദിലു ജോണിന്റെയും ബ്രദർ ജിമോൻ മേക്കാട്ടിന്റെയും ബ്രദർ അലൻ പി മാത്യുവിന്റെയും നേതൃത്വത്തിൽ പ്രവർത്തിക്കുന്ന കമ്മിറ്റിയാണ് അജ്മാനിലെ ക്രിസ്ത്യൻ ലൈവ് ഭക്തസ്മരണ സംഗീത സന്ധ്യക്ക് നേതൃത്വം കൊടുക്കുന്നത്.
ക്രിസ്ത്യൻ ലൈവ് ചെയർമാൻ അജി ജോർജ് , ഡയറക്ടർ ബ്രദർ ബ്ലസിൻ ജോൺ മലയിൽ, മിഡിൽ ഈസ്റ്റ് കോർഡിനേറ്റർ സന്തോഷ് അറക്കൽ ഈപ്പൻ, മാനേജിംഗ് കമ്മിറ്റിയംഗം പാസ്റ്റർ ഷിബു മുണ്ടപ്ളാക്കൽ എന്നിവരുടെ നേതൃത്വത്തിലാണ് ഭക്തസ്മരണ പ്രോഗ്രാം വിവിധ എമിറേറ്റ്സുകളിൽ നടത്തുന്നത്.

EDITORIAL BOARD

**Chief Editor:**
Blessin John Malayil
**Managing Editor**
Aji George
**Publisher**
Nelson George

**Editors:**
Pr Sajo Thonikkuzhiyil
Pr. Titus Johnson
Pr. Sam Elambal
Joji Iype Mathews
Pr. Shibu Thomas, Oklahoma.
Pr. Blesson Cherian, Canada.
Rojin Pynummoodu
Duglus Joseph
Sis.Jessy Koshy
Sis.Blessy Rufus

+91 9188522220 +91 9846552220 Email: cnl7news@gmail.com

Layout: Shaji Vazhoor ... 9656571354

# ആഗോളപ്രതിസന്ധികൾ ലോകത്ത് പട്ടിണി വർദ്ധിപ്പിക്കുന്നു: ഐക്യരാഷ്ട്രസഭാ സമിതികൾ



ലോകത്ത് കൂടുതൽ ജനങ്ങൾ പട്ടിണിയിലേക്ക് കൂപ്പുകുത്തുന്നുവെന്ന് ഐക്യരാഷ്ട്രസഭയുടെ അഞ്ചു സമിതികൾ സംയുകതമായി പുറത്തിറക്കിയ റിപ്പോർട്ട്. കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ മാത്രം ഏതാണ്ട് പന്ത്രണ്ട് കോടിയിലധികം ആളുകൾ കൂടി പട്ടിണിയുടെ പിടിയിലകപ്പെട്ടെന്ന്, ഐക്യരാഷ്ട്രസഭയുടെ ഭക്ഷ്യനിധി, ശിശുക്ഷേമനിധി, ലോകാരോഗ്യസംഘടന തുടങ്ങിയ വിവിധ സമിതികൾ ചേർന്ന് പുറത്തിറക്കിയ റിപ്പോർട്ടിലൂടെയാണ് വ്യക്തമാക്കിയത്. അടുത്തിടെ നടത്തിയ പഠനങ്ങൾ പ്രകാരം, ലോകത്ത് ഏതാണ്ട് എഴുപത്തിമൂന്നരക്കോടി ജനങ്ങളാണ് പട്ടിണിയനുഭവിക്കുന്നത്. 2019ൽ ഇത് അറുപത്തിയൊന്ന് കോടിയായിരുന്നു.

ഐക്യരാഷ്ട്രസഭയുടെ വിവിധ സഭകളുടെ പഠനപ്രകാരം, മുൻവർഷങ്ങളിൽ മാനവരാശി നേരിട്ട കോവിഡ് മഹാമാരി, ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്ന റഷ്യഉക്രൈൻ യുദ്ധം, കാലാവസ്ഥാപ്രതിസന്ധികളും വ്യതിയാനവും തുടങ്ങിയവ ലോകത്ത് സാധാരണ ജനജീവിതം ദുരിതത്തിലാക്കുകയും പട്ടിണിയുടെ വർദ്ധനവിന് കാരണമാകുകയും ചെയ്തിട്ടുണ്ട്. ലോകത്ത് ഏതാണ്ട് അഞ്ചിലൊരാൾ പട്ടിണിയനുഭവിക്കുന്നതയാണ് കണക്കുകൾ. ആഫ്രിക്കൻ ഭൂഖണ്ഡത്തിലാണ് ഏറ്റവും കൂടുതൽ ഭക്ഷ്യപ്രതിസന്ധിയുടെ ദുരിതഫലങ്ങൾ കൂടുതലായി നിലനിൽക്കുന്നത്. ഭക്ഷ്യപ്രതിസന്ധിയും പോഷകാഹാരലഭ്യതയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് വിവിധ രാജ്യങ്ങളിൽ 2030ഓടെ പരിഹാരം കണ്ടെത്താനാകുമെന്നാണ് തങ്ങളുടെ പ്രതീക്ഷയെന്നും, എങ്കിലും നിലവിലെ സംഘർഷങ്ങൾക്കും, കാലാവസ്ഥാപ്രതിസന്ധി സൃഷ്ടിക്കുന്ന ആഘാതങ്ങൾക്കും എതിരെ പ്രതിരോധം വളർത്തിയെടുക്കേണ്ടതുണ്ടെന്നും ഐക്യരാഷ്ട്രസഭാ ജനറൽ സെക്രട്ടറി അന്തോണിയോ ഗുത്തിയെരെസ് സന്ദേശത്തിൽ പറഞ്ഞു.

# ഹിമാചലിൽ 11 ക്രിസ്ത്യൻ മിഷനറിമാരെ അറസ്റ്റ് ചെയ്തു



രാംപൂർ : ഹിമാചലിലെ രാംപൂർ ബുഷഹറിൽ തദ്ദേശീയരെ മതം മാറ്റാൻ ശ്രമിച്ചുവെന്നാരോപിച്ച് 11 ക്രിസ്ത്യൻ മിഷനറിമാരെ കസ്റ്റഡിയിലെടുത്തു, വിശ്വഹിന്ദു പരിഷത്ത്, ശ്രീ ഖണ്ഡ്മഞ്ച്, ഹിന്ദു ജാഗരൺ മഞ്ച് സംഘടനാ പ്രവർത്തകർ മിഷനറിമാരെ പോലീസിന് കൈമാറി. രാംപൂർ ബുഷഹറിലെ ബഹാലിയിലെ ഷൈലി ഗ്രാമത്തിൽ 23 ദിവസത്തെ ക്യാമ്പ് കഴിഞ്ഞ് മടങ്ങുകയായിരുന്ന മിഷനറിമാർ, റാംപൂർ ബുഷഹർ ടൗണിലെ പഴയ ബസ് സ്റ്റാൻഡിൽ ബസ് നിർത്തിയ സമയത്ത് തദ്ദേശീയരോട് സുവിശേഷം അറിയിക്കാൻ ശ്രമിച്ചു എന്നാണ് ആരോപണം. തുടർന്ന് പോലീസ് ബസ് ഏറ്റെടുത്ത് പോലീസ് സ്റ്റേഷന് പുറത്ത് അന്വേഷണത്തിനായി നിർത്തി.

എതിർപ്പ് അവഗണിച്ച് തന്നെ മതംമാറ്റാൻ ശ്രമിച്ചുവെന്ന് ആരോപിച്ച് ഒരു വിഎച്ച്പി പ്രവർത്തകൻ വീഡിയോ പകർത്തി പുറത്തുവിട്ടു. എച്ച്ആർടിസി ബസ് സ്റ്റോപ്പിൽ നിർത്തിയപ്പോൾ ക്രിസ്ത്യൻ യാത്രക്കാരുടെ സംഘം ഇറങ്ങി, മതം മാറാൻ ജനങ്ങളോട് അഭ്യർത്ഥിക്കാൻ തുടങ്ങിയെന്ന് വിഎച്ച്പി അംഗം പ്രാണേഷ് വാദിക്കുന്നു. ബൈബിളിന്റെ പകർപ്പുകളും പണവും പോലീസ് പിടിച്ചെടുത്തു. 11 പേരെ പോലീസ് അറസ്റ്റ് ചെയ്തതായും ബാക്കിയുള്ളവരെ വിട്ടയച്ചതായും സ്റ്റേഷൻ ഹൗസ് ഓഫീസർ രാംപൂർ കർംചന്ദ് പറഞ്ഞു. ഐപിസി 295/341 വകുപ്പുകൾ പ്രകാരമാണ് കേസെടുത്തിരിക്കുന്നത്. കേസിൽ വിശദമായ അന്വേഷണം ആവശ്യപ്പെട്ട് വിഎച്ച്പി ഡിഎസ്പിക്ക് പരാതി നൽകുമെന്നാണ് റിപ്പോർട്ട്.

## ശക്തമായ മഴയ്ക്ക് സാധ്യത; ഇന്ന് യെല്ലോ അലേർട്ട് പ്രഖ്യാപിച്ചു

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്നും നാളെയും ശക്തമായ മഴ തുടരുമെന്ന് കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ്. വിവിധ ജില്ലകളിൽ യെല്ലോ അലേർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. മധ്യ പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിൽ ചക്രവാതചുഴി നിലനിൽക്കുന്നുണ്ട്. ജൂലൈ 16 ഓടെ വടക്ക് പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിൽ ചക്രവാതചുഴി രൂപപ്പെട്ടേക്കുമെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇന്ന് വ്യാപകമായ മഴക്കും ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ശക്തമായ മഴക്കുമാണ് സാധ്യത.

മൺസൂൺ പാത്തിയുടെ പടിഞ്ഞാറെ അറ്റം നിലവിൽ അതിൻറെ സാധാരണ സ്ഥാനത്ത് നിന്നും തെക്കോട്ടും കിഴക്കെ അറ്റം വടക്കോട്ട് മാറിയും സ്ഥിതിചെയ്യുകയാണ്. മൂന്ന് ജില്ലകളിലാണ് കാലാവസ്ഥാ വകുപ്പ് ഇന്ന് യെല്ലോ അലേർട്ട് പ്രഖ്യാപിച്ചിരിക്കുന്നത്. ഇടുക്കി, കണ്ണൂർ, കാസർകോട് എന്നിവിടങ്ങളിലാണിത്. നിലവിലെ മുന്നറിയിപ്പ് പ്രകാരം നാളെയും ഇടുക്കിയിൽ യെല്ലോ അലേർട്ടാണ്. 24 മണിക്കൂറിൽ 115.5 മില്ലിമീറ്റർ വരെ മഴയ്ക്കാണ് ഈ ജില്ലകളിൽ സാധ്യതയുള്ളത്.

## ചരിത്രത്തിലാദ്യം; ആർ ബി എ ഗവർണറായി വനിത



സിഡ്നി: റിസർവ് ബാങ്ക് ഓഫ് ഓസ്ട്രേലിയയുടെ ഗവർണറായി ആദ്യമായി ഒരു വനിത ചുമതലയേൽക്കുന്നു. നിലവിലെ ഗവർണറായ ഫിലിപ് ലോവെയുടെ ഏഴ് വർഷത്തെ കാലാവധി അവസാനിക്കുന്നതിനെ തുടർന്നാണ് മിഷേൽ ബുള്ളോക്കിന്റെ നിയമനം. ഫിലിപ്പിൽ നിന്നും സെപ്റ്റംബറിൽ മിഷേൽ ചുമതലയേറ്റെടുക്കും. നിലവിൽ ഡെപ്യൂട്ടി ഗവർണറാണ് മിഷേൽ. രാജ്യം വലിയ രീതിയിലുള്ള വിലക്കയറ്റത്തെ അഭിമുഖീകരിക്കുന്നതിനിടെയാണ് മിഷേലിന്റെ നിയമനം. പണപ്പെരുപ്പത്തെ നേരിടാനായി റിസർവ് ബാങ്ക് ഓഫ് ഓസ്ട്രേലിയ പലിശ നിരക്ക് വർധിപ്പിക്കുകയും ചെയ്തിരുന്നു.

മിഷേൽ മികച്ച സാമ്പത്തിക വിദഗ്ധയാണെന്ന് ഓസ്ട്രേലിയൻ പ്രധാനമന്ത്രി ആന്റണി ആൽബനീസ് പറഞ്ഞു. ആർ.ബി.ഒയെ നയിക്കുന്നതിയുള്ള അനുഭവ സമ്പത്തും വൈദഗ്ധ്യവും മിഷേലിനുണ്ടെന്നാണ് തങ്ങൾ വിശ്വസിക്കുന്നതെന്നും അദ്ദേഹം ട്വിറ്ററിൽ കുറിച്ചു.

1985 ലാണ് മിഷേൽ റിസർവ് ബാങ്ക് ഓഫ് ഓസ്ട്രേലിയയിൽ നിയമിതയാകുന്നത്. യൂണിവേഴ്സിറ്റി ഓഫ് ന്യൂ ഇംഗ്ലണ്ടിൽ നിന്നുമായിരുന്നു ബിരുദം നേടിയത്. പെയ്മെന്റ് ഡിപ്പാർട്ട്മെന്റിന്റെ മേധാവിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. സർക്കാർ ബാങ്കിങ് ഉൾപ്പെടെയുള്ള മേഖലകളിലും പ്രവർത്തിച്ചിട്ടുണ്ട്. 2022 ഏപ്രിൽ ആദ്യ വനിതാ ഡെപ്യൂട്ടി ഗവർണറായി മിഷേൽ നിയമിതയായിരുന്നു.

## സണ്ടേസ്കൂൾ ടീച്ചേഴ്സ് ട്രയിനിംഗ് ക്യാമ്പ്

കൊട്ടാരക്കര: ഐ പി സി സണ്ടേസ്കൂൾസ് അസോസിയേഷൻ സംസ്ഥാന സമതിയുടെ നേതൃത്വത്തിൽ മേഖലകൾ കേന്ദ്രീകരിച്ച് നടത്തുന്ന പരിശീലന പദ്ധതിയുടെ ഭാഗമായി കൊട്ടാരക്കര മേഖലയിൽ രണ്ട് കേന്ദ്രങ്ങളിൽ നടത്തുന്നു. ആദ്യ പരിശീലന പരിപാടി 2023 ജൂലൈ 15 ന് രാവിലെ 9.30 മുതൽ പത്തനാപുരം പുതുവൽ കുറുമ്പകര ഐ പി സി ഏലിം ചർച്ചിൽ നടത്തപ്പെടും.
ഐ പി സി ജനറൽ ജോയിന്റ് സെക്രട്ടറി പാസ്റ്റർ തോമസ് ജോർജ് ഉദ്ഘാടനം ചെയ്യും.
പത്തനാപുരം സെന്റർ ശുശ്രൂഷകൻ പാസ്റ്റർ സി.എ തോമസ് സന്ദേശം നല്കും. സണ്ടേസ്കൂൾ സംസ്ഥാന ഭാരവാഹികൾ പാസ്റ്ററന്മാരായ ജോസ് തോമസ് ജേക്കബ്, തോമസ് മാത്യു ചാരുവേലി, റ്റി.എ തോമസ്, സഹോദരന്മാരായ ഫിന്നി പി.മാത്യു, ജെയിംസ് ജോർജ് വേങ്ങൂർ എന്നിവർ ക്ലാസ്സുകൾ എടുക്കും. പാസ്റ്റർ സാജൻ ഈശോ, പ്ലാച്ചേരി , ബ്രദർ ജേക്കബ് ജോൺ എന്നിവർ കോഓർഡിനേറ്റേഴ്സായി പ്രവർത്തിക്കുന്നു.
മേഖല ഭാരവാഹികളായ പാസ്റ്ററന്മാരായ ബിജുമോൻ കിളിവയൽ, ബിജു ജോസഫ്, ബ്രദർ എ അലക്സാണ്ടർ എന്നിവർ നേതൃത്വം നൽകും . ജോയൽ ജെ.ബി & ടീം ഗാനശുശ്രൂഷ നടത്തും.

## ചന്ദ്രയാൻ 3 വിക്ഷേപണം വിജയം

ഇന്ത്യയുടെ ചന്ദ്രയാൻ 3 ദൗത്യ പേടകം ഭൂമിയുടെ ഭ്രമണപഥത്തിൽ വിജയകരമായി വിക്ഷേപിച്ച് ഐഎസ്ആർഒ. ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പേസ് സെന്ററിൽ നിന്ന് ഉച്ചക്ക് 2 .35 ന് എൽവിഎം 3 റോക്കറ്റിന്റെ സഹായത്തോടെ വിക്ഷേപിച്ച പേടകം മുൻ നിശ്ചയിച്ച പ്രകാരം 16 മിനുട്ട് കൊണ്ടാണ് വിക്ഷേപണം പൂർത്തിയായത്.

# മണിപ്പൂരിൽ അടിയന്തര നടപടി വേണം : യൂറോപ്യൻ യൂണിയൻ

ബ്രസൽസ്: മണിപ്പൂർ കലാപത്തിൽ കേന്ദ്ര സർക്കാരിനെതിരെ വിമർശനവുമായി യൂറോപ്യൻ യൂണിയൻ പാർലമെന്റ്. മണിപ്പൂർ കലാപത്തിൽ ഇ.യു പ്രമേയം പാസാക്കി. സംഘർഷത്തിൽ അടിയന്തരമായി പരിഹാരം കാണണമെന്ന് ഇ.യു പാർലമെന്റ് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടു. എല്ലാ മതന്യൂനപക്ഷങ്ങളെയും സംരക്ഷിക്കണം, സംഘർഷത്തിൽ സ്വതന്ത്ര അന്വേഷണം നടത്തണം, സുരക്ഷാ സേനക്ക് വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കണം, പ്രകോപനപരമായ പരാമർശങ്ങൾക്കെതിരെ നടപടി വേണമെന്നും ഇ.യു ആവശ്യപ്പെട്ടിട്ടുണ്ട്. ഇന്ത്യയുടെ എതിർപ്പിനെ അവഗണിച്ചാണ് പ്രമേയം അംഗീകരിച്ചത്. മണിപ്പൂരിൽ ഉണ്ടായ ആക്രമണങ്ങൾ, മരണങ്ങൾ, നാശനഷ്ടങ്ങൾ എന്നിവയെ ഇ.യു അപലപിക്കുകയും ചെയ്തു. ഫ്രാൻസിലെ സ്ട്രാൻസ്ബർഗിൽ നടന്നുകൊണ്ടിരിക്കുന്ന പ്ലീനറി സെക്ഷനിൽ മനുഷ്യാവകാശങ്ങൾ, നിയമവാഴ്ച എന്നിവ ലംഘിക്കപ്പെടുന്ന മേഖലയെ കുറിച്ചുള്ള ചർച്ചയിലാണ് മണിപ്പൂരിനെയും ഉൾപ്പെടുത്തിയിരുന്നത്. മണിപ്പൂർ ഇന്ത്യയുടെ ആഭ്യന്തര വിഷയമാണെന്ന് വിദേശകാര്യ സെക്രട്ടറി വിനയ് ക്വാത്ര പറഞ്ഞു. എന്നാൽ ന്യൂനപക്ഷങ്ങൾ, മനുഷ്യാവകാശ സംരക്ഷകർ, പത്രപ്രവർത്തകർ എന്നിവർ സ്ഥിരമായി പീഡനങ്ങൾ അനുഭവിക്കേണ്ടി വരുന്നതായി ഇ.യു വിമർശിച്ചു. ന്യൂനപക്ഷങ്ങൾക്കെതിരെ ഇന്ത്യയിൽ വർധിച്ചുവരുന്ന അസഹിഷ്ണുതയാണ് സംഘർഷത്തിന് കാരണമെന്ന് പ്രമേയത്തിൽ പറയുന്നു. മണിപ്പൂരിലെ ആക്രമണത്തിൽ ഇതുവരെ 150 ലധികം ആളുകൾക്ക് ജീവൻ നഷ്ടപ്പെട്ടതായാണ് റിപ്പോർട്ട്. ആക്രമണത്തിൽ 300ലധികം ആളുകൾക്ക് പരിക്കേൽക്കുകയും ചെയ്തു കൂടതെ നിരവധി കെട്ടിടങ്ങളും ആരാധനായങ്ങളും തകർക്കപ്പെട്ടു, ഗുരുതരമായ മനുഷ്യാവകാശലംഘനങ്ങളാണ് നടന്നതെന്നും പ്രമേയത്തിൽ പറയുന്നു. സംഘർഷത്തിൽ ബാധിക്കപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകാനും ഇ.യു ആവശ്യപ്പെട്ടു. ഹിന്ദുഭൂരിപക്ഷ വാദത്തെ പ്രത്സാഹിപ്പിക്കുന്ന ഭിന്നിപ്പിക്കൽ നയമാണ് സംഘർഷ



ത്തിന് പിന്നിലെന്നും പ്രമേയം വിമർശിച്ചു.
രണ്ട് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി പ്രധാന മന്ത്രി നരേന്ദ്ര മോദി ഫ്രാൻസിൽ എത്തിയിരുന്നു. ഇതിനിടെയാണ് യൂറോപ്യൻ യൂണിയൻ പ്രമേയം പാസാക്കിയത്. മെയ്തി വിഭാഗക്കാർ ഗോത്രവർഗ പദവി ആവശ്യപ്പെട്ടതോടെയായിരുന്നു മണിപ്പൂരിൽ കലാപം പൊട്ടിപ്പുറപ്പെട്ടത്.

## ക്രൈസ്തവ വിശ്വാസം സ്വീകരിച്ച 22കാരൻ കൊല്ലപ്പെട്ടു

കംബാല : ഇസ്ലാം മതം ഉപേക്ഷിച്ച് ക്രൈസ്തവ വിശ്വാസം സ്വീകരിച്ച 22കാരൻ കൊല്ലപ്പെട്ടു. കിബുകു ജില്ലയിലെ കസാസിറ ടൗൺ കൗൺസിലിലെ കസാസിറ വെസ്റ്റ് വില്ലേജിലെ മാർക്കറ്റിൽ നിന്ന് മടങ്ങുമ്പോഴാണ് അബുദു അമിസി എന്ന യുവാവ് കുത്തേറ്റു മരിക്കുന്നത്. ആറുമാസം ക്രൈസ്തവ വിശ്വാസത്തെ കുറിച്ച് പഠിച്ചതിനുശേഷമാണ് അമിസിയും കുടുംബവും ജൂൺ 22ന് ക്രിസ്തുമതം സ്വീകരിച്ചത്. അദ്ദേഹത്തിന്റെ ഗ്രാമത്തിലെ മുസ്ലീങ്ങളിൽ നിന്ന് ഭീഷണി നേരിട്ടിരുന്നുവെന്നും അതുകൊണ്ടുതന്നെ ദേവാലയവുമായി ബന്ധപ്പെട്ട ഒരു വാടകവീട്ടിലാണ് അദ്ദേഹവും കുടുംബവും രണ്ടാഴ്ചയോളം കഴിഞ്ഞിരുന്നതെന്നും ക്രിസ്ത്യൻ നേതാവ് വെളിപ്പെടുത്തി.

ജൂലൈ എട്ടിന് ക്രിസ്ത്യൻ നേതാക്കളുടെ സെമിനാർ പരിശീലനത്തിനിടയിൽ കസസിറയിലെ ഒരു മാർക്കറ്റിൽ രണ്ടു യുവാക്കളോടൊപ്പം ഭക്ഷണം വാങ്ങാനെത്തിയതായിരുന്നു അമിസി. അവിടെവച്ച് അമീസിയെ അറിയാവുന്ന ഒരു മുസ്ലീം സഹോദരൻ അദ്ദേഹത്തെ അഭിവാദ്യം ചെയ്യുകയും പത്തു മിനിറ്റോളം അദ്ദേഹത്തോടൊപ്പം സമയം ചെലവഴിക്കുകയും ചെയ്തു. തുടർന്ന് ഭക്ഷണസാധനങ്ങൾ വാങ്ങി തിരിച്ചുപോകുന്ന സമയത്താണ് ഗ്രാമവാസികൾ ആക്രമണം നടത്തിയത്. 'ഇതാ ഇസ്ലാമിനെ ഒറ്റിക്കൊടുത്തവൻ. അവൻ വെളിച്ചം കാണരുത് ' എന്ന് ആക്രോശിച്ചുകൊണ്ട് അമിസിയെ ഒരുകൂട്ടം ആളുകൾ ആക്രമിക്കുകയായിരുന്നു. അക്രമികളിൽ നിന്നും അദ്ദേഹത്തെ രക്ഷപെടുത്തി ആശുപത്രിയിലേക്ക് കൊണ്ടുപോകുന്നതിനിടയിലാണ് അമിസി മരണമടയുന്നത്.

## നിത്യതയിൽ



പോത്താനിക്കാട്: മറ്റത്തിൽ ആൽബിൻ സ്കറിയയെ (38) യുഎഇ ഉമ്മുൽഖുവൈനിലെ താമസസ്ഥലത്തു മരിച്ചനിലയിൽ ഇന്നലെ രാവിലെ കണ്ടെത്തി. മൃതദേഹം ഉമ്മുൽഖുവൈൻ ഷെയ്ഖ് ഖലീഫ ആശുപത്രി മോർച്ചറിയിൽ. സംസ്കാരം പിന്നീട്.


പരേതനായ ചാക്കോ സ്കറിയയുടെയും ലിസിയുടെയും മകനാണ്. ഭാര്യ: ജീന തമ്പി (നഴ്സ്, ഉമ്മുൽഖുവൈൻ ആശുപത്രി). രണ്ടു മക്കളുണ്ട്.



ഒക്കലഹോമ : മാവേലിക്കര വാണിയംപറമ്പിൽ പരേതനായ കർത്തൃദാസൻ പാസ്റ്റർ ജി സാമുവേലിന്റെ മകളും സോളമൻ പണിക്കരുടെ ഭാര്യയുമായ മേഴ്സി പണിക്കർ (66 വയസ്സ്) നിത്യതയിൽ ചേർക്കപ്പെട്ടു.
മക്കൾ : ക്രിസ്റ്റീന പണിക്കർ, ചാൾസ് പണിക്കർ, പീറ്റർ പണിക്കർ. മരുമകൾ: ശേബാ പണിക്കർ.
ഇന്ന് വൈകിട്ട് 6 മണി മുതൽ മെമ്മോറിയൽ സർവീസും ജൂലൈ 15 ശനിയാഴ്ച രാവിലെ 9 മണി മുതൽ ഒക്കലഹോമ ഇന്ത്യ പെന്തകോസ്ത് ദൈവസഭ ഹെബ്രോൻ സഭയിൽ വച്ച് സംസ്കാര ശുശ്രൂഷയും നടത്തപ്പെടും.



മനാമ : ആലപ്പുഴ കാവാലം ചെറുകരത്തറ (ഒറവന്തറ) സ്വദേശി ഷെറിൻ ജോർജ്ജ് (37 വയസ്സ്) ജൂലൈ 12 ബുധനാഴ്ച്ച ഹൃദയാഘാതത്തെ തുടർന്ന് നിത്യതയിൽ ചേർക്കപ്പെട്ടു. നെഞ്ച് വേദനയെ അനുഭവപ്പെട്ടപ്പോൾ ഹോസ്പിറ്റലിൽ എത്തിച്ചുവെങ്കിലും മരണം സംഭവിക്കുകയായിരുന്നു.
ഭാര്യ : ജിനു ഷെറിൻ. മൂന്ന് മക്കളുണ്ട്.
മൃതദേഹം നാട്ടിൽ കൊണ്ടു പോകുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്ത് വരുന്നു. സംസ്കാരം പിന്നീട് നാട്ടിൽ നടത്തും.



കൊല്ലം : തേവലക്കര അസംബ്ലീസ് ഓഫ് ഗോഡ് സഭാംഗവും പുനലൂർ എലിക്കാട്ടൂർ അസംബ്ലിസ് ഓഫ് ഗോഡ് സഭാ ശുശ്രൂഷകനുമായ കർത്തൃദാസൻ പാസ്റ്റർ ഷിബു വി ജെ യുടെ പിതാവ് വി എസ് ജോൺ (76 വയസ്സ്) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.
ഏതാനും മാസങ്ങളായി കാൻസർ രോഗബാധയെ തുടർന്ന് തിരുവല്ല ബിലിവേഴ്സ് മെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽ ചികിത്സയിലായിരുന്നു.
സംസ്കാര ശുശ്രൂഷ ഇന്ന് വൈകിട്ട് 3 മണിക്ക് തേവലക്കര അസംബ്ലിസ് ഓഫ് ഗോഡ് സഭയുടെ സെമിത്തേരിയിൽ നടത്തി.

## ക്രിസ്ത്യൻ മാട്രിമോണി

Born & raised in Qatar, Pentecostal youth (28/5'5), only son, works as a Chemical Engineer (Schlumberger), invites proposals from parents of spiritual and God fearing girls.“. Preference will be given to those those from medical field. Phone :97455327348. (WhatsApp) Email: jaj3292000@yahoo.co.in

### വധുവിനെ ആവശ്യമുണ്ട്

Remarriage,Born Again Syrian Christian
Boy,31 yr/172 cm,BE.Mech,Pathanamthitta 9946847617

ക്രിസ്ത്യൻ പെന്തക്കോസ്ത് യുവാവ് Age-41, Height-179 (B. A Sociology, Bth, Dip Mission., B A. in Minitsry) ജോലിയോടൊപ്പം ജീവകാരുണ്യ പ്രവർത്തനവും സുവിശേഷ പ്രവർത്തനവും നടത്തുന്നു. സ്വദേശത്തോ വിദേശത്തോ ജോലിയുള്ളതും ഇല്ലാത്തതുമായ അനുയോജ്യമായ പെൺകുട്ടികളിൽ നിന്നും വിവാഹലോചനകൾ ക്ഷണിക്കുന്നു. ബാധ്യത ഇല്ലാത്ത പുനർ വിവാവഹവും പരിഗണിക്കും. **ഫോൺ: 9847683343.**


CHRISTIANLIVE
CHRISTIAN LIVE.IN
Presents
Bhakta Smarana
2023 JULY
15
SATURDAY
07:30PM
AJMAN
BLOOMINGTON SCHOOL
AUDITORIUM
Bro.JEEMON
050-5854760
CHRISTIAN MUSIC NIGHT WITH THE PARTICIPATION OF FAMILY MEMBERS OF LATE EVG. BHAKTAVALSALAN & FAMOUS DEVOTIONAL SINGERS FROM KERALA
OFFICIAL LAUNCH OF CHRISTIAN LIVE MEDIA OPERATIONS IN UAE
DR. WILSON JOSEPH
DR. K O MATHEW
CALL NOW : BRO.SANTHOSH EAPEN
050 6576490